## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ : എം. പി. അജിത് കുമാർ)

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത- ഇടുക്കി ജില്ല-കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.കെ.സന്തോഷിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 16.08.2018 ലെ ജി2/12656/16 നമ്പർ സർക്കുലർ

### ഉത്തരവ് നമ്പർ PAN/21828/2018/D8 (DP) തീയതി 19.08.2018

സംസ്ഥാനത്തെ ദുരന്തത്തിലാക്കിയ പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ഉണർന്നു പ്രവർത്തിക്കാനും ഗ്രാമപഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സന്നദ്ധപ്രവർത്തകരെയും യോജിപ്പിച്ച് ദുരന്തനിവാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും പഞ്ചായത്ത് ഡയറക്ടർ നൽകിയ വ്യക്തമായ നിർദ്ദേശം അവഗണിച്ച് ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രവർത്തിച്ചതായി ബോധ്യപ്പെട്ടിരിക്കുന്നു. പ്രളയ ദുരന്തം കൊന്നത്തടി ഗ്രാമപഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ടെന്ന് അറിഞ്ഞിട്ടും സർക്കാരും വകുപ്പും നൽകിയ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങാനും സെക്രട്ടറി മുൻകൈയെടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെയും പഞ്ചായത്തിന് കൈമാറിയ മറ്റ് വകുപ്പുകളിലെയും ജീവനക്കാരേയും ജനപ്രതിനിധികളെയും യോജിപ്പിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടില്ലെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങൾ നേതൃത്വം നൽകാതിരുന്നതിനു പുറമേ ദേശീയ ദുരന്തമായ പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരേയും ദുരന്തനിവാരണ പ്രവർത്തനങ്ങളി- ലേർപ്പെട്ടിരിക്കുന്നവരേയും അപമാനിക്കുന്ന തരത്തിൽ നവമാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുകയെന്ന ഗുരുതരമായ കുറ്റം കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. കെ. സന്തോഷ് ചെയ്തതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. കെ. സന്തോഷിനെ സർവ്വീസിൽ നിന്നും അന്വേഷണത്തിനും അച്ചടക്കനടപടികൾക്കും മുന്നോടിയായി ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവു ഉടൻ നടപ്പിലാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ശ്രീ.സന്തോഷിന് കേരള സർവ്വീസ് റൂൾ അനുശാസിക്കും പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
എം. പി. അജിത്കുമാർ
പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ അധിക
ചുമതല വഹിക്കുന്ന പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

ശ്രീ.കെ.സന്തോഷ്
സെക്രട്ടറി, കൊന്നത്തടി ഗ്രാമപഞ്ചായത്ത്
(ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ് :-

1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
2) പ്രസിഡന്റ് കൊന്നത്തടി ഗ്രാമപഞ്ചായത്ത്
3) സൂപ്രണ്ട് 'ഇ' സെക്ഷൻ
4) കരുതൽ /അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

പി.ടി/വി/ജി